അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി

18 (*78) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തതിനെത്തുടർന്ന് സംസ്ഥാനത്തെ കുടിനീർ ലഭ്യത ഉറപ്പുവരുത്താൻ അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവിടെ പൂർത്തീകരിക്കാനുള്ളത് ;

(സി) അരുവിക്കര ഡാമിനോടു ചേർന്നുള്ള സംഭരണ പ്രദേശങ്ങളുടെ ആഴംകൂട്ടി ജലം സംഭരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ&ബി) അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനു നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വേനൽക്കാലങ്ങളിൽ പേപ്പാറ ഡാമിൽനിന്ന് അരുവിക്കരയിൽ ജലമെത്തിച്ചാണ് വിതരണം നടത്തുന്നത്. പേപ്പാറ ഡാമിന്റെ സംഭരണശേഷി 6 മീറ്റർകൂടി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

(സി) ഇപ്പോൾ പദ്ധതികളൊന്നും പരിഗണനയിലില്ല.

മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

19 (*79) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പണികളിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിനും പണികളിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) മരാമത്ത് പണികൾ കൂടുതൽ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദർഘാസ് ക്ഷണിക്കുന്നത് പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനും വെബ്സൈറ്റിൽനിന്നും ആവശ്യക്കാർക്ക് ദർഘാസ്

LIBRARY ARCHIVES Kerala Legislative Assembly